**ഇൻഫർമേഷൻ കേരള മിഷൻ**

**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**

**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം — 695 003**

**ടീം ലീഡർ അഡ്മിനിസ്ട്രേഷന്റെ നടപടിക്രമം**

**സാന്നിദ്ധ്യം- ശ്രീമതി. മീര ഡി, ടീം ലീഡർ അഡ്മിനിസ്ട്രേഷൻ**

**സംഗ്രഹം**

ഐ.കെ.എം പുന:രുദ്ധാരണവും ശമ്പള പരിഷ്കരണവും - **ജീവനക്കാരുടെ സർട്ടിഫിക്കറ്റ്** പരിശോധന **നടത്തുന്നത് - ഉത്തരവ്** പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

---

**നം. 3750/ഇ1/2017/ഐ.കെ.എം** **08.11.2017**

---

സൂചന:- പഞ്ചായത്ത് ഡയറക്ടറുടെ 07.11.2017 തിയതിയിലെ ജെ8-34268/2017നമ്പർ കത്ത്

**ഉത്തരവ്**

ഐ.കെ.എം പുന:രുദ്ധാരണവും ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ഐ.കെ.എം ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ പരിശോധിച്ച് ഉറപ്പവരുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഐ.കെ.എം ഹെഡ് ക്വോർട്ടേഴ്സിലും 14 ജില്ലകളിലുമായുള്ള 354 ജീവനക്കാരുടെ സർട്ടിഫിക്കറ്റ് പരിശോധന 14.11.2017 മുതൽ 17.11.2017 വരെയുള്ള തീയതികളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും, പ്രസ്തുത പരിശോധനയ്ക്ക് ജീവനക്കാർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, നിർദ്ദിഷ്ട പെർഫോർമയിൽ മറ്റു വിവരങ്ങളും ഉൾപ്പെടെ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഐ.കെ.എമ്മിലെ എല്ലാ ജീവനക്കാരും താഴെപ്പറയുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്ന് യോഗ്യത നേടിയ ജീവനക്കാർ ആയതിന്റെ തുല്യതാ സർട്ടിഫിക്കറ്റും, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പെർഫോർമയിൽ മറ്റു വിവരങ്ങളും ഉൾപ്പെടെ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശിക്കുന്നു.

| **തീയതി** | **ജില്ല** |
|---|---|
| 14.11.2017 | ഹെഡ് ക്വോർട്ടേഴ്സ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ |
| 15.11.2017 | കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം |
| 16.11.2017 | തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| 17.11.2017 | കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് |

Meera

**ടീം ലീഡർ, അഡ്മിനിസ്ട്രേഷൻ**

എല്ലാ ജീവനക്കാർക്കും

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ

ഗ്രൂപ്പ് ഡയറക്ടറുടെ സി എ

ഫയൽ കോപ്പി

# BIO-DATA

PHOTO

Name & Designation :

Address :

e-mail Id & Contact Number :

Sex :

Age & Date of Birth :

Date of Entry in service of IKM :

Date of commencement of continuous service :

Service break with period, if any :

Educational Qualifications : Year of Passing

| | | |
|---|---|---|
| Technical | | |
| Non- Technical | | |

Certificates produced for verification: No. & Date of Issue

1.
2.
3.

Declaration:
I hereby declare that the above details are correct to the best of knowledge and belief.

Place:
Date:

Signature & Name